"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കൊല്ലം ജില്ല ആയൂർ ഗവ.ആയുർവേദ ആശുപത്രിയിൽ നേഴ്സ് ഗ്രേഡ് 2 ആയിരുന്ന ശ്രീമതി രേഷ്മ രമേശിന് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.88/2026/AYUSH തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-
1. 25.02.2019 ലെ സ.ഉ (സാധാ) 101/2019/ആയുഷ്.
2. ശ്രീമതി. രേഷ്മ രമേശ് സർപ്പിച്ച 21.02.2024 ലെ ശൂന്യവേതനാവധി അപേക്ഷ.
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 14.11.2025, 04.12.2025 തീയതികളിലെ DISM/243/2025-E2 നം.കത്തുകൾ.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിൽ കൊല്ലം ജില്ല ആയൂർ ഗവ.ആയുർവേദ ആശുപത്രിയിൽ നേഴ്സ് ഗ്രേഡ് 2 ആയിരുന്ന ശ്രീമതി രേഷ്മ രമേശിന് ബി.എ.എം.എസ്. പഠനത്തിന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി 09.03.2024 മുതൽ 30.09.2024 വരെ ശൂന്യവേതനാവധി അനുവദിച്ചു നൽകുന്നതിന് പരാമാർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ പരിഗണിച്ച് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ല ആയൂർ ഗവ.ആയുർവേദ ആശുപത്രിയിൽ നേഴ്സ് ഗ്രേഡ് 2 ആയിരുന്ന ശ്രീമതി. രേഷ്മ രമേശ് പരാമർശം (2) പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ടിയാൾക്ക് 09/03/2024 മുതൽ 30/09/2024 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി രേഷ്മ രമേശ്, നേഴ്സ് ഗ്രേഡ് 2, പ്രകൃതി ചികിത്സാ ആശുപത്രി, വർക്കല,

തിരുവനന്തപുരം. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/344/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 18-02-2026 10:51:14

സെക്ഷൻ ഓഫീസർ